## പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.691** — **30/06/2015-ൽ മറുപടിക്ക്**

# സൗജന്യ ജനറിക് മരുന്നുകളും അവയുടെ ദൗർലഭ്യവും

**ചോദ്യം**

ശ്രീ.എ.എ.അസീസ്

**മറുപടി**

ശ്രീ. വി എസ് ശിവകുമാർ
(ആരോഗ്യവും കുടുംബക്ഷേമവും
ദേവസ്വവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്തെ സർക്കാർ ആശുപത്രികളിൽ ഏതൊക്കെ ജനറിക് മരുന്നുകളാണ് സൗജന്യമായി നൽകുന്നത് ; | (എ) | നടപ്പു സാമ്പത്തിക വർഷത്തിൽ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ 585 ഇനം ജനറിക് മരുന്നുകളാണ് സർക്കാർ ആശുപത്രികൾ മുഖേന സൗജന്യമായി വിതരണം ചെയ്തു വരുന്നത്. പട്ടിക അനുബന്ധമായി ചേർക്കുന്നു. |
| (ബി) | പ്രസ്തുത മരുന്ന് ദൗർലഭ്യം അനുഭവപ്പെടുന്നതു ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (ബി) & (സി) | നടപ്പു സാമ്പത്തിക വർഷം സംസ്ഥാനത്തെ സർക്കാർ ആശുപത്രികൾ മുഖേന സൗജന്യമായി വിതരണം ചെയ്യാനുള്ള ജനറിക് മരുന്നുകളുടെ സംഭരണത്തിനായുള്ള ടെണ്ടർ 2015 ജനുവരി 8-ന് ക്ഷണിക്കുകയും ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് 2015 ഏപ്രിൽ മാസം മുതൽ പർച്ചേഴ്സ് ഓർഡറുകൾ നൽകിക്കഴിഞ്ഞു. നിലവിൽ അവശ്യ മരുന്നുകൾ സർക്കാർ ആശുപത്രികളിൽ ആവശ്യത്തിന് ലഭ്യമാണ്.<br>കൂടാതെ മരുന്ന് ദൗർലഭ്യം പരിഹരിക്കുന്നതിനായി വിതരണക്കാരെ ലഭിക്കാത്ത 71 ഇനം മരുന്നുകളും മുൻ വർഷത്തെക്കാൾ വളരെ കൂടിയ വില ക്വാട്ട് ചെയ്ത 20 ഇനം മരുന്നുകളും ഉൾപ്പെടെ 91 ഇനം മരുന്നുകൾക്കുള്ള റീ-ടെണ്ടർ നടപടികൾ പുരോഗമിച്ചുവരുന്നു. ഈ കാലയളവിൽ ഏതെങ്കിലും അവശ്യമരുന്നിന്റെ ദൗർലഭ്യം നേരിട്ടാൽ കോർപ്പറേഷന്റെ കീഴിലുള്ള കാരുണ്യാ കമ്മ്യൂണിറ്റി ഫാർമസി മുഖേന ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് ആരോഗ്യവകുപ്പിനെയും ആരോഗ്യ വിദ്യാഭ്യാസ വകുപ്പിനെയും അറിയിച്ചിട്ടുണ്ട്. |
| (സി) | മരുന്ന് ദൗർലഭ്യം പരിഹരിക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ ? | | |

സെക്ഷൻ ഓഫീസർ